ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

എസിഡി.സി1/51310/2017/എച്ച്.എസ്.ഇ

തീയതി- 15/05/2017

# സർക്കുലർ

വിഷയം- ഹ.സെ.വി.- സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് - സംബന്ധിച്ച്.

സൂചന- 29/04/2017-ലെ സർക്കാർ പരിപത്രം നം.63120/യു3/2015/പൊ.വി.വ.

സൂചനയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് ഉൾപ്പെടെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ശുദ്ധമായ കുടിവെള്ളം, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജല ലഭ്യതയോടുകൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ അഥവാ വേസ്റ്റ് ഡിസ്പോസിംഗ് സൗകര്യം എന്നിവ ഹയർ സെക്കന്ററി സ്കൂൾ നടത്തിപ്പിന് അംഗീകാരം നല്കുന്നതിനുള്ള മാനദണ്ഡത്തിന്റെ ഭാഗമാക്കുന്നതാണ്.
2. ടി സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്കും ഉണ്ടായിരിക്കേണ്ടതാണ്.
3. സ്കൂൾ പരിശോധനാവേളയിൽ ബന്ധപ്പെട്ട ആർ.ഡി.ഡി.മാർ ടി സൗകര്യങ്ങൾ പരിശോധിക്കുന്നതും സൗകര്യങ്ങൾ ഇല്ലാത്ത സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.
4. നിലവിൽ ടി സൗകര്യങ്ങൾ ഇല്ലാത്തപക്ഷം ആയത് 31/05/2017-നകം ഏർപ്പെടുത്തേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
(ഡയറക്ടർ ഇൻ ചാർജ്ജ്)

പകർപ്പ്-

1. എല്ലാ ആർ.ഡി.ഡി. മാർക്കും (അറിവിനും അനന്തര നടപടിയ്ക്കുമായി)
2. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും മാനേജർമാർക്കും

**വളരെ അടിയന്തിരം**

## കേരള സർക്കാർ

നം.63120/യു3/2015/പൊവി

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 29/04/2017

### പരിപത്രം

വിഷയം : പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ഒരു കൂട്ടം ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി.
2. സിആർഎംപി നം. 5016/01/എൽഎ 1/2015/കെഎസ് സിപിസിആർ നമ്പർ പരാതിയിന്മേൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 18.01.2016-ലെ ഉത്തരവ്.

........

ഹയർ സെക്കന്ററി ക്ലാസ്സുകളിലെ സമയ ദൈർഘ്യം വിദ്യാർത്ഥിനികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള നിരവധി ബുദ്ധിമുട്ടുകൾ ഉളവാക്കുന്നതായും സ്കൂളുകളിലെ വെള്ളത്തിന്റെ അഭാവവും ശുചിത്വമില്ലായ്മയും വിദ്യാർത്ഥിനികളെ ദുരിതത്തിലാക്കിയിരിക്കുകയാണെന്നും കാണിച്ച് ഒരു കൂട്ടം വിദ്യാർത്ഥിനികൾ സൂചന (1) പരാതിയിലൂടെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനെ സമീപിച്ചിരുന്നു. കമ്മീഷൻ ഇടപെട്ട് ടി പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നും പരാതിയിൽ അഭ്യർത്ഥിച്ചിരുന്നു.

(2) കമ്മീഷൻ ഇക്കാര്യം പരിഗണിക്കുകയും സൂചന (2) ഉത്തരവ് പ്രകാരം താഴെപ്പറയുന്ന ശുപാർശ ഉൾപ്പെടെയുള്ള വിവിധ ശുപാർശകൾ നൽകി പരാതിയിന്മേലുള്ള നടപടികൾ തീർപ്പാക്കുകയും ചെയ്തു.

"ശുദ്ധമായ കുടിവെള്ളം, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോടുകൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനേറ്റർ അഥവാ വെയിസ്റ്റ് ഡിസ്പോസിംഗ് സൗകര്യം എന്നിവ സ്കൂൾ നടത്തിപ്പിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കുകയും ആയത് എല്ലാ സ്കൂളുകൾക്കും ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ് ഉൾപ്പെടെ ബാധകമാണെന്ന് നിർദ്ദേശിക്കുകകയും പരിശോധനാവേളയിൽ ഇത്തരം സൗകര്യങ്ങളില്ലാത്ത സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കി ഒരു സർക്കുലർ 1-ാം എതിർ കക്ഷി (പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി) പുറപ്പെടുവിക്കേണ്ടതാണ്."

(3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) ശുദ്ധമായ കുടിവെള്ളം, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോടു കൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്ക നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ അഥവാ വെയിസ്റ്റ് ഡിസ്പോസിങ്ങ് സൗകര്യം എന്നിവ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ നടത്തിപ്പിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കേണ്ടതാണ്.

(ii) ടി സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

(iii) സ്കൂൾ പരിശോധന വേളയിൽ വിദ്യാഭ്യാസ ഓഫീസർമാർ ടി സൗകര്യങ്ങൾ പരിശോധിക്കേണ്ടതും സൗകര്യങ്ങളില്ലാത്ത സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

(iv) പുതിയ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് ടി സൗകര്യങ്ങൾ ഉണ്ടെന്ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ / വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(v) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഇല്ലാത്ത പക്ഷം ആയത് 31.05.2017-നകം ഏർപ്പെടുത്തേണ്ടതാണ്.

**ഡോ.ഉഷാ ടൈറ്റസ്**
സെക്രട്ടറി

രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം),
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം.)
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം.)
തദ്ദേശസ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുവാനായി)
എല്ലാ ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.